# GOVERNMENT OF KERALA

## Abstract

Water Resources Department- Procurement of new vehicle under Dam Rehabilitation and Improvement Project (DRIP) Phase II for the use in Irrigation Department -Sanction accorded – Orders issued.

## WATER RESOURCES (ISWC) DEPARTMENT

G.O.(Ms)No.35/2024/WRD Dated,Thiruvananthapuram, 06-06-2024.

Read: 1. Letter No.01/2017/IDRB/DS2/AD2 dated 23/08/2022, 02/12/2022, 09/01/2023, 05/06/2023, from the Chief Engineer(I&D), IDRB, Thiruvananthapuram.

2. Lr No T-20028/3/2020-DSR DTE- part (4) dated 01-12-2022 from Asst Director, DSR Dte, Ministry of Jalasakthi, CWC, CPMU, DRIP.

3. G.O.(Rt) No.884/2023/WRD dated 17/10/2023.

4. G.O.(Rt)No.10/2024/WRD dated 04/01/2024.

5. Letter No.CEIDRB/54/2023-DS-AD1 GEN dated 01/12/2023 from the Chief Engineer(I&D), IDRB, Thiruvananthapuram.

## ORDER

Dam Rehabilitation and Improvement Project is jointly co-financed by International Bank for Reconstruction and Development (IBRD) and Asian Infrastructure Investment Bank (AIIB). Phase-I of the project 'Dam Rehabilitation & Improvement Project' (DRIP) was launched in Kerala in April 2012 to improve the safety and operational performance of selected dams and associated appurtenances and completed in 2021. The Central Water Commission has launched DRIP Phase-II & III for a duration of 10 years (2020-2030); each of 6 years duration with 2 year overlapping.

2) The Chief Engineer (I&D), IDRB as per letters read as 1st paper above has informed that the vehicle used by Superintending Engineer

Project Circle, Kannur is not in good condition for long distance journeys to Kuttiyadi, Wayanad and hence Chief Engineer (I&D), IDRB has requested to procure for one TATA Nexon (P) XZ utility vehicle (version 2) amounting to Rs.8,49,112/-, under DRIP, for the use of Superintending Engineer Project Circle, Kannur.

3) As per Government orders read as 3rd and 4th papers above, Revised Administrative Sanction (AS) for an amount of Rs.240 Crore was accorded with re-allocation among the 4 components under DRIP Phase II and an amount of Rs.10 Crore has been approved for Component 4 (Project Management) in the Revised AS. The allocation of each components in the revised AS is as tabulated below.

| **Component** | **Name of Component** | **Amount in Crore** |
|---|---|---|
| I | Rehabilitation and Management Planning for Dams & associated Appurtenances | 180.00 |
| II | Dam Safety Institutional Strengthening | 38.00 |
| III | Risk Informed Asset Management & Innovative Financing for Sustainable Operation & Maintenance of Dams ie, Tourism | 12.00 |
| IV | Project Management | 10.00 |
| | TOTAL | **240.00** |

4) Vide letter read as 2nd paper above, CPMU have concurred the procurement of vehicle after getting competent level approval from State and expenditure may be booked under component IV of DRIP Phase II. As per letter read as 5th paper above, the Chief Engineer (I&D), IDRB has informed that the annual procurement plan submitted in Systematic Tracking of Exchanges in Procurement (STEP) Portal was first verified by CPMU and then forwarded to World Bank for concurrence. The proposal for procurement for vehicles has been approved by World Bank

in STEP portal under Component IV-Project Management of DRIP Phase II.

5) Most of the dams are in hilly terrain and Irrigation Department officials have to visit these dam sites often. They face difficulties to travel through these strenuous terrain and hence vehicle in good condition is indispensable.

6) Government have examined the matter in detail and are pleased to accord sanction for the procurement of Mahindra Bolero Vehicle (estimate amount - Rs. 8.47 Lakh as per GeM specification) for the use of Superintending Engineer, Project Circle, Kannur, inclusive of all taxes, registration expenses and price variation, if any, in GeM, by meeting the expenditure from the head of account "4701-80-800-70-EAP DRIP" under DRIP Project.

(By order of the Governor)
ASHOK KUMAR SINGH I A S
PRINCIPAL SECRETARY

To

1. The Chief Engineer, I&D, IDRB, Thiruvananthapuram.
2. The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
3. The General Administration (SC) Department( vide Item No.2145 dated 17/04/2024)
4. The Finance Department (vide remarks dated No:I&PW-B3/355/2022-FIN dated 04/03/2024).
5. The Planning & Economic Affairs Department (vide remarks No. PLGEA-A2/129/2023-PLGEA dated 18.08.2023)
6. Stock File/Office Copy.

Forwarded /By order

Signed by
Malini T J
Date: 07-06-2024 12:58:39

Section Officer

Copy to:

1. The PS to Hon'ble Chief Minister.
2. The PS to Hon'ble Minister, Water Resources .

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-04-2024

ഫയൽ നം. ഐ.എസ്.ഡബ്ല്യൂ.സി1/118/2022/ജ.വി.വ. ഇനം നം: 2145

വിഷയം : ജലവിഭവ വകുപ്പ് - ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (DRIP) കീഴിൽ വാഹനം വാങ്ങുന്നതിനുള്ള ശിപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

Put up GO draft
Asigh
17/4/2024

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഐ.എസ്.ഡബ്ല്യു.സി1/118/2022-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (അന്തർ സംസ്ഥാന നദീജല സെൽ ) വകുപ്പ് |
| 3. | വിഷയം | : | ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (DRIP) കീഴിൽ വാഹനം വാങ്ങുന്നതിനുള്ള ശിപാർശ സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/03/2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ജി. സുകുമാരൻ നായർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | അശോക് കുമാർ സിംഗ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/04/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/04/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11/04/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11/04/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 17/04/2024 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | 06/06/2024 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (DRIP) കീഴിൽ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ശിപാർശ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റ് (IBRD)-യും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (എ.ഐ.ഐ.ബി) സംയുക്തമായി ധനസഹായം നൽകുന്ന പദ്ധതിയാണ്. തിരഞ്ഞെടുക്കപ്പെട്ട ഡാമുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി DRIP ഘട്ടം I ഏപ്രിൽ 2012 മുതൽ നടപ്പിലാക്കുകയും ആയത് 2021-ൽ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര ജല കമ്മീഷൻ DRIP II, DRIP III എന്നിവ 10 വർഷ കാലാവധിയോടെ (2020-2030); രണ്ടു വർഷത്തെ overlapping period കൂടിയുള്ള 6 വർഷത്തെ കാലാവധി വരുന്ന രണ്ടു ഘട്ടമായി നടപ്പിലാക്കി വരുന്നു.

3) കണ്ണൂർ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനം, വയനാട്, കുറ്റ്യാടി എന്നിവിടങ്ങളിലേക്കുള്ള ദീർഘദൂര യാത്രകൾക്ക് ഉപയോഗയോഗ്യമല്ലായെന്നും, ആയതിനാൽ DRIP പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വാഹനം വാങ്ങാൻ അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ IDRB അഭ്യർഥിച്ചിരുന്നു. 17/10/2023 തീയതിയിലെ സർക്കാർ ഉത്തരവ് G.O(Rt)No. 884/2023/WRD പ്രകാരം DRIP ഘട്ടം II-ലെ നാല് Component-ൽ തുക പുനർവിന്യാസം നടത്തി ആകെ 240 കോടി രൂപ വിനിയോഗിക്കുന്നതിനു പുതുക്കിയ ഭരണാനുമതി നൽകി . ആയതിൽ Component 4-നു (പ്രോജക്ട് മാനേജ്മെന്റ്) 10 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയിൽ ഓരോ Component-നും വകയിരുത്തിയിരിക്കുന്ന തുക ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| Component | Name of Component | Amount in Crore |
|---|---|---|
| I | Rehabilitation and Management Planning for Dams & associated Appurtenances | 180.00 |
| II | Dam Safety Institutional Strengthening | 38.00 |
| III | Risk Informed Asset Management & Innovative Financing for Sustainable Operation & Maintenance of Dams ie, Tourism | 12.00 |
| IV | Project Management | 10.00 |
| | TOTAL | **240.00** |

4) കണ്ണൂർ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉപയോഗത്തിനായി ഒരു TATA Nexon (P) XZ utility vehicle (version 2)-ഉം ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ ഉപയോഗത്തിനായി TOYOTA utility vehicle (Version 2) MUV manual INNOVA CRYSTA 2.7G seater-ഉം വാങ്ങാൻ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) അനുമതി അഭ്യർത്ഥിച്ചു.

5) "4701-80-800-70-EAP-DRIP" എന്ന ശീർഷകത്തിൽ നിന്ന് രജിസ്ട്രേഷൻ ചെലവുകളും, നികുതിയും, GeM നിരക്കുകളിലെ വില വ്യതിയാനവും ഉൾപ്പെടെ വാഹനം വാങ്ങുന്നതിനുള്ള 25 ലക്ഷം രൂപയുടെ ശിപാർശ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ, DRIP പദ്ധതി പ്രകാരം വാഹനം വാങ്ങുന്നത് അനുവദനീയമാണോ എന്ന് വ്യക്തമാക്കണമെന്ന് ആ വകുപ്പ് ആവശ്യപ്പെട്ടു.

6) സംസ്ഥാന സർക്കാരിൽ ഉചിതമായ തലത്തിൽ അനുമതി വാങ്ങിയതിന് ശേഷം മാത്രം വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും, ആയത്തിലേക്കുള്ള ചെലവുകൾ DRIP രണ്ടാം ഘട്ടത്തിലെ നാലാം Component-ൽ ഉൾപ്പെടുത്തുന്നതിനും CPMU അനുമതി നൽകിയതായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി അറിയിച്ചു. കൂടാതെ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബിയുടെ കാര്യാലയത്തിൽ നിന്നും STEP പോർട്ടലിൽ സമർപ്പിച്ച annual procurement plan CPMU പരിശോധിക്കുകയും തുടർന്ന് അംഗീകാരത്തിനായി ലോക ബാങ്കിന് കൈമാറുകയും ചെയ്തു. DRIP ഘട്ടം 2-ലെ Component 4-പ്രോജക്റ്റ് മാനേജ്മെന്റിന് കീഴിൽ 50 ലക്ഷം രൂപയ്ക്ക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപോസൽ STEP (സിസ്റ്റമാറ്റിക് ട്രാക്കിംഗ് ഓഫ് എക്സ്ചേഞ്ചസ് ഇൻ പ്രൊക്യൂർമെന്റ്) പോർട്ടലിൽ ലോകബാങ്ക് അംഗീകരിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി അറിയിച്ചു .

7) ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് കൈമാറിയപ്പോൾ, വിഷയത്തിൽ ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം തേടാൻ ആ വകുപ്പ് ആവശ്യപ്പെട്ടു. ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം താഴെ പറയും പ്രകാരമാണ് :

"

- *DRIP is an External Aided Project and hence its activities should be in accordance with the conditions stipulated in the approval agreement. As per the conditions in the Project Appraisal Document of the World Bank, the provision for vehicle purchase is specified under Component II (Dam Safety Institutional strengthening) as part of arranging facilities for functioning.*
- *The rehabilitation works of Kuttiyadi and Karapuzha are being presently undertaken under DRIP Phase II works and are carried out under the control of SE, Project Circle, Kannur. Therefore the request for purchasing a TATA Nexon (P) XZ utility vehicle (version 2) amounting to Rs. 8,49,112/- shall be permitted for the Superintending Engineer, Project Circle, Kannur.*

- *The request for purchasing TOYOTA utility vehicle (Version 2) MUV manual INNOVA CRYSTA 2.7G amounting to Rs. 14,78,165/- is for the use of Secretary (Water Resources). As this purchase is not in compliance with the permissible norms, this request may not be permitted.*

*Thus, the purchase of TATA Nexon for the Superintending Engineer, Project Circle Kannur alone may be permitted with the concurrence of the Finance Department."*

8) ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടെ പ്രസ്തുത പ്രൊപ്പോസൽ അംഗീകാരത്തിനായി വീണ്ടും ധനവകുപ്പിന് കൈമാറിയപ്പോൾ, ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു:

"*Administrative Department is advised to take steps for arranging a vehicle on lease for the use of Superintending Engineer,Project circle, Kannur."*

9) കണ്ണൂർ പ്രോജക്റ്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉപയോഗത്തിലേയ്ക്കായി TATA Nexon (P) XZ utility vehicle വാങ്ങാനുള്ള പ്രൊപ്പോസൽ അംഗീകരിക്കാൻ ധനകാര്യ വകുപ്പിനോട് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചപ്പോൾ, " *Administrative Department is informed that Finance sticks to our earlier remarks dated 08/11/2023* " എന്ന് അഭിപ്രായം ലഭ്യമാക്കി.

10) വാഹനം വാങ്ങുന്നത് സംസ്ഥാന സർക്കാർഫണ്ട് ഉപയോഗിച്ചല്ല, പൂർണ്ണമായും കേന്ദ്ര സഹായ പദ്ധതിയായ DRIP-ലെ ഫണ്ട് ഉപയോഗിച്ചാണ്. ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ ധാരാളം ഫീൽഡ് വിസിറ്റുകൾ പ്രത്യേകിച്ചും കാടും മലയും ഉൾപ്പെടുന്ന ദുർഘടമായ പ്രദേശങ്ങളിൽ യാത്ര ചെയ്യേണ്ടതാണ്. കൂടാതെ പലപ്പോഴും അടിയന്തിരസ്വഭാവമുള്ള യാത്രകളും നടത്തേണ്ടതുണ്ട്. ഭൂരിഭാഗം അണക്കെട്ടുകളും മലയോര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ നല്ല പ്രവർത്തന ക്ഷമതയുള്ള വാഹനം ഒഴിച്ചുകൂടാനാവാത്തതാണ്. അതിനാൽ, ടാറ്റ നെക്സോൺ കാറിന് പകരം അതേ വിലയിൽ

GeM പോർട്ടൽ വഴി 'മഹീന്ദ്ര ബൊലേറോ (Mahindra Bolero)' വാഹനം വാങ്ങുന്നത് അഭികാമ്യമാണെന്ന് കാണുന്നു .

11) ഫയൽ ഉത്തരവിനായി ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വിടാൻ മുഖ്യമന്ത്രി ഉത്തരവിട്ടു.

**<u>തീരുമാനം എടുക്കേണ്ട വിഷയം</u>**

കണ്ണൂർ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉപയോഗത്തിലേയ്ക്കായി , DRIP പദ്ധതിയിൽ ഉൾപ്പെടുത്തി, "4701-80-800-70-EAP-DRIP" എന്ന ശീർഷകത്തിൽ നിന്ന് GeM നിരക്കുകളിലെ വില വ്യതിയാനങ്ങളും എല്ലാ നികുതികളും രജിസ്ട്രേഷൻ ചെലവുകളും ഉൾപ്പെടെ കണക്കിലെടുത്ത്, ഒരു മഹീന്ദ്ര ബൊലേറോ വാഹനം (എസ്റ്റിമേറ്റ് തുക - 8.47 ലക്ഷം രൂപ - GeM പ്രകാരം) വാങ്ങുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അനുമതി നൽകാമോ?